# മന്ത്

മന്ത് രോഗബാധിതർക്ക് ഐ.എ.ഡി.യുടെ ഒരു ന്യൂസ് ലെറ്റർ

A NEWS LETTER FOR FILARIASIS PATIENTS

ISSUE - 3 | DECEMBER 2007 | VOLUME -1





പ്രിയപ്പെട്ടവരെ,

മന്തുരോഗ ചികിത്സയിൽ ഒരു നൂതന ആശയത്തിനു തുടക്കം കുറിച്ച ഐ.എ.ഡി., ഈ രോഗത്താൽ വിഷമതയനുഭവിക്കുന്ന ഒരുപാട് പേരെ കഷ്ടതകളില്ലാത്ത നിത്യ ജീവിതത്തിലേക്ക് നയിക്കുവാൻ കഴിഞ്ഞുവെന്നതിൽ സംന്തോഷിക്കുന്നു.

അതിന്റെ ഭാഗമായി 3-ാം മത് ഒരു ദേശീയ സെമിനാർ സംഘടിപ്പിക്കുക എന്ന ദൗത്യം ഞങ്ങൾ ഏറ്റെടുത്തിരിക്കുന്നു. ഈ ചികിത്സാരീതി ചിലവു കുറഞ്ഞ രീതിയിൽ തന്റെ നിത്യകർമ്മങ്ങൾ നിർവ്വഹിക്കുന്നത് പോലെ എങ്ങനെ ചെയ്യാം എന്നതായിരിക്കും ഈ സെമിനാറിന്റെ പ്രധാന ആശയം.

2005-ലെ ആദ്യ സെമിനാറിൽ ഐ.എ.ഡി.യുടെ സംയോജിത ചികിത്സാരീതിക്ക് ICMR, KSCSTE തുടങ്ങിയ ഗവേഷണ സ്ഥാപനങ്ങളുടെ അംഗീകാരം ലഭിച്ചു. 2007-ൽ രണ്ടാം സെമിനാർ നടന്നപ്പോൾ അത് ഈ ചികിത്സ 300 ഓളം വരുന്ന മന്തു രോഗികളിൽ എങ്ങനെഫലപ്രദമായി എന്ന ഒരു വൻവിജയ ഗാഥയുടെ വെളിപ്പെടുത്തൽ ആയിരുന്നു. എന്നാൽ 2008-ൽ നടക്കാനിരിക്കുന്ന 3-ാം ദേശീയ സെമിനാർ ഇതിൽ നിന്നും വ്യത്യസ്തമാണ്. ഈ ചികിത്സാരീതിയെ കുറിച്ച് ഐ.എ.ഡി.യിൽ നിന്നും ചികിത്സ സ്വീകരിച്ചവർ തന്നെ വിലയിരുത്തുക എന്നതായിരിക്കും പ്രധാന ആശയം. തുല്യ ദുഃഖിതരിലേക്ക് ഇതെങ്ങനെയെത്തിക്കാം എന്ന് ഇവർ തന്നെ മുൻകൈയെടുത്ത് ചർച്ച ചെയ്യുന്നു.

മന്തു രോഗം മൂലം വിഷമതയനുഭവിക്കുന്ന സാധാരണക്കാരായ നമ്മുടെ ജനങ്ങളിൽ ഈ ചികിത്സാ രീതിയെകുറിച്ചുള്ള അവബോധം വളർത്തുക എന്നതാണ് ഈ സെമിനാറിന്റെ പ്രധാനഉദ്ദേശ്യം. ഈ ചികിത്സാരീതി ചിലവു കുറഞ്ഞ രീതിയിലുള്ളതും വീട്ടിൽ തന്നെ സ്വയം ചെയ്യാൻ കഴിയുന്നതുമായ ഒന്നാണ്.

## പ്രധാന അറിയിപ്പ്

ഐ.എ.ഡി.യും ലണ്ടനിലുള്ള (യു.കെ.) ഇന്റർനാഷണൽ ലിംഫഡിമ ഫ്രെയിം വർക്കിന്റെയും സംയുക്താഭിമുഖ്യത്തിൽ 2008 ഫെബ്രുവരി 5, 6, 7 തിയ്യതികളിൽ നടത്തുന്ന മൂന്നാം ദേശീയ സെമിനാറിൽ ദേശീയ, അന്തർദ്ദേശീയ വിദഗ്ദ്ധരും, ഗവേഷകരും പങ്കെടുക്കുന്നു. ഐ.എ.ഡി.യിൽ നിന്നും ചികിത്സ നേടിയ 30 പേരെ ഇതിൽ പങ്കെടുപ്പിക്കാൻ ഞങ്ങൾ ഉദ്ദേശിക്കുന്നു. സാങ്കേതിക ബുദ്ധിമുട്ടുകൾ കാരണം ആദ്യം രജിസ്റ്റർ ചെയ്യുന്ന 30 പേരെ മാത്രമേ ഇതിൽ ഉൾപ്പെടുത്താൻ സാധിക്കുകയുള്ളു. താൽപര്യമുള്ളവർ ഉടൻ Patient Relation Officer -ന് വിളിച്ചു പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്. Mob : 09895588735, Ph : 04994 - 230116.

## IMPORTANT NOTICE

The IAD and The International Lymphoedema Framework, Thames Valley University, London are jointly organizing the 3rd National Seminar on 2008 February 5-7 in Kasaragod. Renown national & international experts will participate. We are inviting patients who have taken treatment from us to participate in the seminar. For technical reasons we are forced to limit the number to 30 on the basis of first come first serve. If you are interested please contact on Patients Relations Officer at 04994 - 230116 or 09895588735.

Patient Support Peer Group (PSPG) എന്ന ആശയത്തിൽ ഐ.എ.ഡി. യിൽ നിന്ന് ചികിത്സയും പരിശീലനവും ലഭിച്ച രോഗികളുടെ സഹായത്തോടെ സമീപ പ്രദേശത്തുള്ള മറ്റു രോഗികൾക്കും ഈ ചികിത്സാ രീതി പകർന്നു കൊടുക്കാൻ സാധിക്കും. ഇതു മൂലം മറ്റുരോഗികൾക്ക് ഈ ചികിത്സാ രീതികൾ സ്വയം വീട്ടിനടുത്തുള്ള ഡോക്ടറുടെ മേൽനോട്ടത്തിൽ ചെയ്യാവുന്നതാണ്. ഒരു രോഗിയിൽനിന്ന് മറ്റുരോഗികളിലേയ്ക്ക് ഈ ചികിത്സാ രീതി പകർന്നുകൊടുക്കുന്നതിലൂടെ ചികിത്സാ ചെലവിൽ ഗണ്യമായ കുറവു വരുത്താൻ സാധിക്കും.

ആയതിനാൽ ഈ സെമിനാർ തുല്യ ദു:ഖിതരായ മറ്റു രോഗികൾക്കും ഇവിടെ നിന്നും ചികിത്സ നേടി ഈ ചികിത്സാ രീതി വീട്ടിൽ തുടരുന്നതുമായ രോഗികൾക്കും ഒരു പോലെ പ്രയോജനപ്പെടുമെന്നതിൽ സംശയമില്ല. 2007 -ൽ നടന്ന സെമിനാർ, ഈ നൂതനചികിത്സാ രീതി രോഗികളിൽ എന്തു ഫലമാണു ഉണ്ടാക്കിയതെന്നു വിലയിരുത്തിയപ്പോൾ, 2008-ൽ നടക്കാനിരിക്കുന്ന സെമിനാർ രോഗികളുടെ പരസ്പര അഭിപ്രായ സമന്വയത്തിന്റെയും അതിലുപരി Home Care Self Help Treatment ചികിത്സാ രീതി രോഗികൾ എങ്ങനെ തങ്ങളുടെ നിത്യജീവിതത്തിൽ ഉൾപ്പെടുത്തിയെന്നും അതു അവർക്കു എങ്ങനെആശ്വാസമേകി എന്നതിന്റെയും ഒരു ആത്മപരിശോധന ആകാം.

പ്രഗത്ഭരായ ദേശീയ അന്തർദേശീയ ഡോക്ടർമാർ രോഗികളെ വന്നു പരിശോധിക്കുന്നുവെന്നതിനുപരി അവരുടെ മുൻപിൽ ഈ ലളിതമായ നൂതനചികിത്സാ രീതി രോഗികൾ സ്വയം വിലയിരുത്തുമ്പോൾ ഐ.എ.ഡി.യുടെ ചികിത്സാരീതിയും, വിദഗ്ധരുടെ നിർദ്ദേശങ്ങളും, രോഗികളുടെ ചികിത്സാ അനുഭവവും, ഇതെല്ലാം ഒരു പുതിയ കൂട്ടായ്മയിലേക്കു ഈ വരുന്ന സെമിനാറിലൂടെ നമുക്ക് എത്തിക്കാൻ സാധിക്കും.

ഞങ്ങളുടെ ഈ ശ്രമം വിജയകരമാവണമെങ്കിൽ നിങ്ങളെല്ലാവരുടെയും ആത്മാർത്ഥമായ സഹകരണം അനിവാര്യമാണ്. ആയതിനാൽ 2008 ഫെബ്രുവരി മാസം 5, 6, 7 തീയ്യതികളിൽ നടക്കാനിരിക്കുന്ന ഈ ദേശീയ സെമിനാറിൽ നിങ്ങളെല്ലാവരുടെയും പരിപൂർണ സഹകരണവും സാന്നിധ്യവും ഞങ്ങൾ പ്രതീക്ഷിക്കുന്നു.

"വരൂ നമ്മൾ ഒന്നു ചേർന്നു ഇപ്പോഴുള്ള ഈ ആത്മബന്ധത്തെ ബലപ്പെടുത്തുമെന്നോണം ഒരു കൂട്ടായ്മയ്ക്കായി ആത്മാർത്ഥമായി പരിശ്രമിക്കാം."

നിങ്ങളും ഞങ്ങൾക്കൊപ്പമുണ്ടാവുമെന്ന ഉറച്ചവിശ്വാസത്തോടെ 3-ാം ദേശീയ സെമിനാറിന്റെ നടത്തിപ്പിനായുള്ള ഒരുക്കങ്ങൾ കൂട്ടട്ടെ എന്ന്



Miss Neethu K. Jacob, M.S.W.
Patient Relation Officer
Editor Mandh News letter
Institute of Applied Dermatology, Kasaragod



Dr. Guruprasad Aggithaya
M.D.(Ayu.)
Chief Consultant, Ayurveda
Institute of Applied Dermatology, Kasaragod
Ph : 04994 - 230116

നമ്മുടെ അഭിമാനത്തിന്റെ സ്ഥാപനമായ ഐ.എ.ഡി. അതിന്റെ ഒമ്പതാം വർഷത്തിലേയ്ക്ക് കാലെടുത്തു വെച്ചിരിക്കുന്നു. ഈ കാലങ്ങളിൽ അത് ഏറ്റെടുത്ത ഒരുപാടു ദൗത്യങ്ങളുടെയും അതിലുപരി കൈവരിച്ച നേട്ടങ്ങളുടെയും കാര്യത്തിൽ ഈ സ്ഥാപനത്തിന്റെ ലക്ഷ്യബോധം അസാമാന്യം. നമ്മുടെ രാജ്യത്തിൽ നിലനിൽക്കുന്ന അനവധി ചികിത്സാ സമ്പ്രദായങ്ങളിലെ അനുയോജ്യമായ സംവിധാനങ്ങളെ ശാസ്ത്രീയമായി ഏകോപിപ്പിച്ച് ഒരു പുതിയ സംയോജിത ചികിത്സാ പദ്ധതിയുണ്ടാക്കി അതിലൂടെ ഭേദമാവില്ലെന്ന് വിലയിരുത്തപ്പെട്ട മന്ത്, വെള്ളപാണ്ട് മുതലായ ത്വക്ക് രോഗങ്ങൾ ചികിത്സിച്ച് ജനങ്ങൾക്ക് സാന്ത്വനത്തിന്റെ പ്രതീക്ഷയേകി. അതേപോലെ ഈ ചികിത്സാ ആരോഗ്യ പരിപാലനം, രോഗശമനം എന്ന ലക്ഷ്യം സഫലീകരിക്കാൻ ശ്രമിച്ചു.

മന്തുരോഗമെന്നത് കൊതുകിൽ നിന്ന് പകരുന്ന ഒരു രോഗമാണ്. ഇത് പ്രധാനമായും ശരീരത്തിലെ ലിംഫ് ഗ്രന്ഥികളിൽ തടസ്സമുണ്ടാക്കുന്നതിനാൽ കൈകാലുകളിൽ തടിപ്പ് മുതലായ ലക്ഷണങ്ങൾ കണ്ടുവരുന്നു. ഈയിടെ നടന്ന സർവ്വേകണക്കുകൾ പ്രകാരം രാജ്യത്തിന്റെ മൊത്തം ജനസംഖ്യയുടെ 2.5% ജനങ്ങൾ ഈ രോഗം മൂലം വിഷമത അനുഭവിക്കുന്നു. അടുത്തിടെ GAELF (Global Alliance for Elimination of Lymphatic Filariasis) എന്നതിലൂടെ ദേശ വ്യാപകമായി മന്തുരോഗ നിവാരണത്തിനായി മരുന്നു വിതരണം നടത്തുകയുണ്ടായി. എന്നാൽ ഈ മരുന്ന് മന്തുരോഗത്തിനു കാരണമാകുന്ന രോഗാണുവിനെനശിപ്പിക്കുകയും അതുമൂലം ഈ രോഗം പകരാതിരിക്കാനും മാത്രം ഉപകരിക്കുന്നു. എന്നാൽ ഈ രോഗം മൂലം ദുരിതമനുഭവിക്കുന്ന രോഗികൾക്ക് ഈ മരുന്ന് പ്രയോജനപ്പെടുന്നില്ല.

ഈ കാര്യങ്ങളെല്ലാം ഉൾക്കൊണ്ട് ഐ.എ.ഡി. വികസിപ്പിച്ചെടുത്ത നൂതനസംയോജിത ചികിത്സാരീതി ഈ രോഗം മൂലം ദുരിതമനുഭവിക്കുന്നവരുടെ ജീവിതത്തിൽ ഒരു വെളിച്ചമായിരിക്കുന്നു എന്ന് നിങ്ങൾക്കറിയാമല്ലോ. അതിനാൽ ഈ രോഗം പ്രധാനമായും മധ്യവർഗ്ഗം അതുപോലെ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവർക്ക് ബാധിച്ചതിനാൽ നമ്മുടെ സമൂഹത്തിൽ ഒട്ടേറെ പേർക്ക് ഈ ചികിത്സയുടെ ചെലവ് താങ്ങാൻ സാധിക്കുന്നില്ല. ചിലവിൽ കുറവുവരുത്താൻ ഐ.എ.ഡി.യും നിസ്സഹായരാണ്. ഈ സാഹചര്യത്തിൽ സർക്കാർതലത്തിൽ യാതൊരു രീതിയിലുള്ള അനുകൂല തീരുമാനവും കൈക്കൊള്ളാത്തതു കൊണ്ട് പാവപ്പെട്ടവരായ രോഗികൾ വീണ്ടും ഇരുട്ടിലേക്ക് തള്ളപ്പെട്ടിരിക്കുകയാണ്.

ഈ ചികിത്സാരീതിയെ ഇനിയും വ്യാപിപ്പിക്കാനും അതുപോലെത്തന്നെ ഇത് പാവപ്പെട്ടവരിലേക്ക് എത്തിക്കുക എന്ന പദ്ധതിയെ കാര്യക്ഷമമാക്കണം എന്ന ഉദ്ദേശ്യത്തോടുകൂടിയും ഈ വരുന്ന 2008 Feburary 5 മുതൽ 7 വരെ കാസറഗോഡിൽ ഒരു ദേശീയ സെമിനാർ നടത്തുവാൻ തീരുമാനിച്ചിരിക്കുന്നു. ഈ സെമിനാർ ഇവിടെ നിന്ന് ചികിത്സ നേടിയവരുടെ നേതൃത്വത്തിൽ തന്നെ എങ്ങനെമുന്നോട്ടുപോകാം എന്നതിനെക്കുറിച്ചും. നമ്മുടെ ചുറ്റുപാടുമുള്ള തുല്യദു:ഖിതരായ രോഗികളെ തിരിച്ചറിഞ്ഞ് തങ്ങളുടെ ചികിത്സാനുഭവങ്ങളെ വിവരിക്കുകയും അതിലൂടെ അവരിൽ രോഗശമനത്തിന്റെ പ്രത്യാശ ഉളവാക്കി "വസുധൈവ കുടുംബകം" എന്ന ആപ്തവാക്യം യാഥാർത്ഥ്യമാക്കാം.

*സർവ്വേ സന്തു നിരാമയ*

## മറക്കാതിരിക്കുക...

- എന്നും കാൽ കഴുകി വൃത്തിയായി സൂക്ഷിക്കുക. കാലിൽ നീരിറങ്ങി പനിച്ചാൽ സിഫഡ്രോക്സിൽ ഗുളിക 1-0-1 വീതം ആഹാരത്തിന് മുമ്പ് 5 ദിവസം കഴിക്കുക.

  കാലിലെ രോമവും നഖവും എപ്പോഴും വെട്ടി വൃത്തിയാക്കി സൂക്ഷിക്കുക.

- ബാൻഡേജ് ചെയ്യുന്നതിന് മുമ്പ് അണുവിമുക്തമാക്കിയ തുണി ചുറ്റണം.

- നിങ്ങൾ ഉപയോഗിച്ചു കൊണ്ടിരിക്കുന്ന കംപ്രഷൻ ബാൻഡേജ് അയഞ്ഞ് രണ്ടര മീറ്ററിൽ കൂടുതൽ നീളമായാൽ കാലിൽ ചുറ്റാൻ ഉപയോഗിക്കരുത്.

- കാലിലെ വിരലുകൾക്കിടയിലും മടക്കുകകൾക്കിടയിലും പുഴുക്കടി (വളംക്കടി - ഫംഗസ്) ഉണ്ടെങ്കിൽ ഐ.എ.ഡി.യിൽ നിന്നു തരുന്ന ആയുർവ്വേദ ഗുളിക പൊടിച്ചിടുകയോ, കാസ്റ്റലൈൻ പെയിന്റ് അല്ലെങ്കിൽ
- ക്ലോട്രൈമസോൾ 1% ഓയിന്റ്മെന്റ് ദിവസവും രണ്ട് നേരം പുരട്ടുക.

മാന്യരെ,

വർഷങ്ങൾക്കു മുമ്പ് ഫൈലേറിയ ബാധിച്ച ആളാണ് ഞാൻ. ആദ്യഘട്ടങ്ങളിൽ ചെറിയ ചികിത്സമൂലം പനി ഭേദമാകുമായിരുന്നു. ഇപ്പോൾ 47 വയസ്സുള്ള ഞാൻ കുടുംബിനിയായി കഴിയുന്നു. രണ്ടു മക്കളുണ്ട്. അർദ്ധ സർക്കാർ സ്ഥാപനത്തിലെ ജീവനക്കാരിയാണ്.

ജോലിക്കുപോകുന്നതും, ജോലിചെയ്യുന്നതും വളരെ പ്രയാസമുണ്ടാക്കുന്നതായിരുന്നു. കാരണം ഒരു കാൽ നീർ വന്നു വീങ്ങി തടിയ്ച്ചു, പൊട്ടിനീരൊലിച്ചു, പഴുപ്പ് ബാധിക്കുന്ന അവസ്ഥ വരെ വന്നു. പ്രയാസങ്ങൾ വിവരണാതീതമായിരുന്നു.

വിവിധ ചികിത്സാരീതികൾ തുടർച്ചയായി നടത്തി. കോഴിക്കോട് ഫൈലേറിയ റിസർച്ച് സെന്ററിലും ചികിത്സ തുടർന്നു. എന്നാൽ ഫലപ്രദമായിരുന്നില്ല. അത്തരമൊരു ഘട്ടത്തിലാണ് കാസർഗോഡ് ഐ.എ.ഡി.യെപ്പറ്റി അറിയാൻ കഴിഞ്ഞത്.

മറ്റു പല ചികിത്സാരീതികളുടെയും സ്ഥിതി വെച്ച് ഐ.എ.ഡി.യെ സമീപിച്ചത് മനസില്ലാമനസ്സോടെയാണ്.

രണ്ടു വർഷം മുമ്പെ 2005 ഒക്ടോബറിൽ എത്തി 18 ദിവസം പരിചരണവും, കൂട്ടത്തിൽ സ്ഥിരമായി തുടരേണ്ട ചികിത്സാരീതികളും കൈക്കൊണ്ടു.

18 ദിവസത്തെ പരിചരണത്തിനുശേഷം വീട്ടിലേക്ക് മടങ്ങുമ്പോൾ സംശയം ബാക്കിയായിരുന്നു. ലഭ്യമായ ചികിത്സാരീതികൾ തുടരാൻ കഴിയുമോ എന്ന്. നിശ്ചയദാർഢ്യത്തോടെ വീട്ടിൽ നിന്ന് ഒരു മാസം തുടർന്നപ്പോൾ തികഞ്ഞ ആത്മവിശ്വാസമുണ്ടായി. ഐ.എ.ഡി.യിൽ നിന്ന് ലഭിച്ച പരിചരണവും, ഇതിന്റെ സംഘാടകരുടെയും ജീവനക്കാരുടെയും സ്നേഹമസൃണമായ പെരുമാറ്റവുമാണ് തുടർച്ചയായ ചികിത്സയ്ക്ക് പ്രേരകമായത്.

2007-ൽ നടന്ന ദേശീയ സെമിനാറിലെ പങ്കാളിത്തം വലിയ അനുഭവമായിരുന്നു. കഴിഞ്ഞ രണ്ടു വർഷം ഐ.എ.ഡി.യിൽ നിന്നും നിർദ്ദേശിച്ച അത്ര രൂപത്തിലുള്ള ചികിത്സാരീതിയും, ജീവിതരീതിയും മുടക്കമില്ലാതെ തിരക്കുപിടിച്ച ജീവിതത്തിനിടയിലും തുടരുന്നുണ്ട്.

എന്റെ അസുഖം വർദ്ധിച്ചില്ലെന്നുമാത്രമല്ല അനുദിനം കുറഞ്ഞുവരികയും ചെയ്യുന്നു. സാധാരണ ജീവിതത്തിന് പ്രയാസവുമില്ല.

ഇതിൽ അഭിമാനിക്കാൻ വക ഐ.എ.ഡി.ക്കു മാത്രമാണ്.

വിശ്വസ്തതയോടെ,



**Mrs. Pushpalatha**
Perambra



V. Sreedharan Nair
Ambadi, P.B. Colony, Calicut - 673 027

പ്രിയപ്പെട്ട നരഹരി ഡോക്ടർ,

താങ്കൾ നേതൃത്വം നൽകുന്ന കാസർഗോട്ടെ IAD യിൽ നിന്നും ചികിത്സയ്ക്ക് വിധേയനാവാൻ കഴിഞ്ഞ എന്റെ അനുഭവം മറ്റു രോഗികൾക്കും ഉപയോഗപ്രദമാവുമെന്ന വിശ്വാസത്തോടെ.

1988 സെപ്തംബർ 1ന് പെട്ടെന്ന് ഒരു വിറയലും പനിയും വരികയും തുടർന്ന് ഇടത്തെ കാലിൽ തുടമുതൽ കീഴ്പോട്ട് ചുവപ്പു നിറവും കഠിനമായ വേദനയും നടക്കാൻ തീരെ പറ്റാത്ത അവസ്ഥയും ഉണ്ടായി. ഉടനെകോഴിക്കോട് മെഡിക്കൽ കോളേജിൽ അഡ്മിറ്റ് ചെയ്ത് ചികിത്സ ആരംഭിക്കുകയും അവിടത്തെ പരിശോധനയിൽ Deep Vein Thrombosis ആണ് അസുഖം എന്ന നിഗമനത്തിൽ ചികിത്സ തുടരുകയും ചെയ്തെങ്കിലും താൽക്കാലിക കുറവല്ലാതെ കാലിലെ വീക്കവും നീർക്കെട്ടും കൂടിവരികയാണ് ചെയ്തത്. തുടർന്ന് 2006 ജൂലായ് വരെ Allopathy, Ayurveda, Homoeo, Accupuncture Magnetictherapy എന്നീ ചികിത്സകൾ മാറി മാറി ചെയ്തെങ്കിലും രോഗം കൂടുകയല്ലാതെ ശമനം ഉണ്ടായില്ല. തുടർന്ന് ജോലിക്ക് പോകാൻ പോലും വിഷമമായതിനാൽ ബാങ്കിലെ ജോലി 2000 ജൂണിൽ രാജി വയ്ക്കേണ്ടിവന്നു.

ഈ സമയത്താണ് കോഴിക്കോട്ടെ പ്രശസ്തയായ Dermatologist - Dr. Laxmi. V. Nair യുടെ ഉപദേശപ്രകാരം താങ്കളെ ഫോണിൽ ബന്ധപ്പെടാനും കാസർഗോഡ് ഐ.എ.ഡി.യിൽ വന്ന് ചെക്ക്അപ്പിനും, കൗൺസിലിങ്ങിനും വിധേയനായതിനു ശേഷം തുടർ ചികിത്സ അവിടെ നിന്ന് ചെയ്യാനും തീരുമാനിച്ചത്.

തുടർന്ന് 2006 ജൂലൈ 25ന് ഞാനും ഭാര്യയും അവിടെ എത്തി അവിടത്തെ വിദഗ്ധ ഡോക്ടർമാരുടെ പരിശോധനയ്ക്കുശേഷം എന്റെ രോഗം Lymphoedema ആണ് എന്ന നിഗമനത്തിൽ അവിടെ അഡ്മിറ്റ് ചെയ്ത് രണ്ടാഴ്ച്ച Integrated treatment-ന് ശേഷം 08-08-2006 ന് ഡിസ്ചാർജ് ചെയ്യുമ്പോഴേക്കും എന്റെ കാലിന്റെ Volume $\frac{1}{3}$ ആയി കുറഞ്ഞിരുന്നു. അതിനു ശേഷം 6 മാസം തുടർച്ചയായി വീട്ടിൽ വച്ചു യോഗ, ഉഴിച്ചിൽ, ഫാന്റ എന്നിവ ചെയ്യുകയും ഐ.എ.ഡി.യിൽ നിന്നും നിർദ്ദേശിച്ച കഷായവും ഗുളികയും കൃത്യമായി കഴിക്കുകയും ചെയ്തപ്പോഴേക്കും കാലിന്റെ വീക്കവും മറ്റു ബുദ്ധിമുട്ടുകളും വീണ്ടും കുറയുകയും ചെയ്തു.

തുടർന്ന് 2007 ഫെബ്രുവരിയിൽ കാസറഗോഡ് വച്ചു നടന്ന National Seminar -ൽ ഞാൻ പങ്കെടുത്തപ്പോൾ എന്നെ പരിശോധിച്ച Prof. T.J. Ryan, Christina Moffet, Dr. Rejina Forster എന്നിവർ എന്റെ രോഗാവസ്ഥയിൽ സംതൃപ്തി രേഖപ്പെടുത്തുകയും ഒരു Dopler Study കൂടി നടത്താൻ ഉപദേശിക്കുകയും ചെയ്തു. കഴിഞ്ഞമാസം നടത്തിയ Dopler Study-യിൽ എന്റെ കാലിലെ തടസങ്ങൾ ഗണ്യമായി കുറഞ്ഞിട്ടുണ്ടെന്ന് കാണുകയും ചെയ്തു. ഇപ്പോൾ ഐ.എ.ഡി.യിലെ ഡോക്ടർമാരുടെ ഉപദേശപ്രകാരം കഷായവും ഗുളികയും കഴിക്കുകയും, യോഗ, മസാജ് എന്നിവ മുടങ്ങാതെ കൃത്യമായി ചെയ്തുകൊണ്ടിരിക്കുന്നു.

ഐ.എ.ഡി.യിൽ എത്തുവാനും അവിടത്തെ ചികിത്സയ്ക്കു വിധേയനാവാനും കഴിഞ്ഞത് എന്റെ ഭാഗ്യമായി കരുതുന്നു. അവിടത്തെ ഡോക്ടർമാരായ Dr. S.R. Narahari, Dr. Mahadevan, Dr. Bose, Dr. Guruprasad കൂടാതെ Miss Neethu (Pt.RO), Vivekekananda, Massier മറ്റു Staff Members എന്നിവരുടെ Dedicated Service കാരണമാണ് എനിക്കും മറ്റു രോഗികൾക്കും ഇത്രയും നല്ല അനുഭവം ഉണ്ടായത്.

അടുത്തുതന്നെ നടക്കാൻ പോകുന്ന സെമിനാറിൽ പങ്കെടുക്കാനും മേൽ പറഞ്ഞ വിദേശ ഡോക്ടർമാരുമായുള്ള കൂടിക്കാഴ്ചയ്ക്കും താല്പര്യത്തോടെ കാത്തിരിക്കുന്നു.

താങ്കൾക്കും താങ്കളുടെ ടീമിനും സ്ഥാപനത്തിനും എല്ലാവിധ ഭാവുകങ്ങളും ആശംസിക്കുന്നു.
എന്ന് വിധേയൻ.




**EDITORIAL BOARD**

Dr. Guruprasad Aggithaya, Chief Consultant Ayurveda, Miss. Neethu K. Jacob, Patients Relations Officer, Mr. Sajith K.T., IAD, Mr. Vivekananda, IAD, Mrs. Puspalatha, Mahi, Mr. Sreedharan Nair, V. Calicut, Mr. Prabhakaran A.N., Bangalore.

*If undelivered please return*
**INSTITUTE OF APPLIED DERMATOLOGY**
Reg. office : Nayaks Road, Kasaragod –671121, Kerala.
Ph : 04994 – 320471, 230116, 229684, 223687
www.indiandermatology.org e-mail: iadorg@satyam.net.in

Printed and Published by Institute of Applied Dermatology. This Newsletter titled “Mandh” (means Filariasis) is for private circulation only.